**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ പെഷൻ -അദാലത്ത് നടത്തുന്നതിനുള്ള പുതുക്കിയ കാലാവധി അംഗീകരിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ് എഫ് സി- ബി ) വകുപ്പ്.**

സ ഉ (എം എസ് ) നം.251/2017/ധന — തിരുവനന്തപുരം തീയതി 05/05/2017

---

പരാമർശം :- 1. സ ഉ (എം എസ് )34/2017/ധന തീയതി 21/01/ 2017

2. സ ഉ (എം എസ് )3634/2017/ധന തീയതി 25/04/2017

**ഉത്തരവ്**

സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ ജനകീയമായി പരിഹരിക്കുന്നതിലേക്ക് സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ പെൻഷൻ അദാലത്തു നടത്തുവാൻ പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവാകുകയും അദാലത്തു നടത്തുന്നതിനുവേണ്ട നടപടിക്രമങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും അദാലത്തു നടത്തുന്നതിനുള്ള കാലാവധി 10/05/2017 മുതൽ 20/05/2017 വരെയായിരിക്കുമെന്നും അംഗീകരിച്ച് പരാമർശം 2 പ്രകാരവും ഉത്തരവായിട്ടുണ്ട്. അദാലത്തു നടത്തുന്നതിനുള്ള കാലാവധി നീട്ടി നൽകണമെന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിൽ വരികയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അദാലത്ത് നടത്തുന്നതിനുള്ള കാലാവധി 10/05/2017 മുതൽ 20/05/2017 എന്നത് 10/05/2017 മുതൽ 25/05/2017 എന്നാക്കി പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം )

ഇ കെ പ്രകാശ്
ധനകാര്യ സ്പെഷ്യൽ സെക്രട്ടറി

പ്രൻസിപ്പാൾ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ